**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 710** **23-02-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ വായ്പാ കുടിശ്ശികയുടെ തിരിച്ചടവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ വായ്പാ കുടിശ്ശികകാർക്ക് വായ്പാ തിരിച്ചടവിന് കൂടുതൽ സമയവും കൂടുതൽ ഇളവുകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്ത് കോവിഡ് 19 രോഗബാധ ഉണ്ടായതിനെത്തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടായ പശ്ചാത്തലത്തിൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യുടെ നിർദ്ദേശ പ്രകാരം എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01/03/2020 മുതൽ 31/08/2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന സഹകരണ ബാങ്ക് വഴി റിസർവ്വ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി അർഹമായ വായ്പകൾക്ക് മൊറട്ടോറിയം റീസ്ട്രക്ച്ചറിംഗ് എന്നിവ 2021 ഡിസംബർ മാസം വരെ അനുവദിച്ച നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുതലായ സ്ഥാപനത്തിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, മൃഗ സംരക്ഷണവും, ക്ഷീര വികസനവും ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സഹകാരികൾക്ക് റിസ്ക് ഫണ്ടിൽ നിന്നും സഹായധനം ലഭിക്കുന്നതിന് മാനദണ്ഡങ്ങളിൽ ഇളവുകൾ നൽകുന്നതിനും സഹായ തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വായ്പ എടുത്ത ശേഷം മരണമടയുന്ന വായ്പക്കാരന് ബോർഡിൽ നിന്നും ധനസഹായം അനുവദിക്കുമ്പോൾ റിസ്ക് ഫണ്ട് നിയമാവലി ഖണ്ഡിക 4(ബി) പ്രകാരം കണക്കാക്കുന്ന കുടിശ്ശിക നിബന്ധനയിൽ നിന്നും 01.03.2020 മുതൽ 31.08.2020 വരെയുള്ള ആറ് മാസക്കാലയളവ് ബോർഡ് തീരുമാന പ്രകാരം ഇളവ് അനുവദിച്ചുവരുന്നുണ്ട്. റിസ്ക് ഫണ്ട് ധനസഹായ തുക വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം മേഖലാ അടിസ്ഥാനത്തിൽ കേരളത്തിലെ സഹകാരികളുടേയും, ഉദ്യോഗസ്ഥരുടേയും, മറ്റ് |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ടവരുടേയും യോഗങ്ങൾ വിളിച്ചുചേർത്ത് ചർച്ചകൾ നടത്തിയശേഷം നടപ്പിലാക്കുന്നതിന് ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ